**SREENARAYANAGURU OPEN UNIVERSITY**
*The State University for Education, Training and Research in Blended Format, Kerala*
University Building, Kureepuzha, Kollam, Kerala-691601 | www.sgou.ac.in

# പരീക്ഷാ വിഭാഗം
## സർക്കുലർ

**നം. 118/EX.B3/97/SOU/2025** **തീയതി : 25/06/2025**

**വിഷയം** : ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി – പരീക്ഷാ വിഭാഗം – യു. ജി. / പി. ജി. ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പണം – മാർഗ നിർദ്ദേശങ്ങളിൽ വ്യക്തത വരുത്തുന്നതും – പി.ജി. (ഹിസ്റ്ററി/സോഷ്യോളജി) ഡിസർട്ടേഷൻ/ പ്രോജക്റ്റ് സമർപ്പണ തീയതി ദീർഘിപ്പിച്ചത് – സംബന്ധിച്ച്.

**സൂചന :** (i) 2022 അഡ്മിഷൻ (ഇൻടേക്ക് 1) ബി.എ. ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (ഇംഗ്ലീഷ് / മലയാളം / ഹിന്ദി / അറബിക് / സംസ്കൃതം) ആറാം സെമസ്റ്റർ യു. ജി. പഠിതാക്കളുടെ 20/05/2025 തീയതിയിലെ ഡിസർട്ടേഷൻ / പ്രോജക്റ്റ് സമർപ്പണവുമായി ബന്ധപ്പെട്ട സർക്കുലർ നം. 01/EX.B3/97 /SOU/2025.

(ii) 2023 ജനുവരി അഡ്മിഷൻ (ഇൻടേക്ക് 2) എം.എ. (ഹിസ്റ്ററി/സോഷ്യോളജി) നാലാം സെമസ്റ്റർ പി.ജി. പഠിതാക്കളുടെ 28/05/2025 തീയതിയിലെ ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പണവുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ നം. 02/EX.B3/97 /SOU/2025.

(iii) 2023 ജനുവരി അഡ്മിഷൻ (ഇൻടേക്ക് 2) എം.എ (ഹിസ്റ്ററി/സോഷ്യോളജി) നാലാം സെമസ്റ്റർ പി.ജി. പഠിതാക്കളുടെ 29/05/2025 തീയതിയിലെ ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പണവുമായി ബന്ധപ്പെട്ട സർക്കുലർ നം. 03/EX.B3/97 /SOU/2025.

സൂചനകൾ പ്രകാരമുള്ള സർക്കുലർ/നോട്ടിഫിക്കേഷൻ മുഖാന്തിരം ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പഠിതാക്കൾക്ക് നൽകിയിരുന്നു. ഡിസർട്ടേഷൻ/പ്രോജക്റ്റ് സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഗൈഡ് ലൈൻസിൽ സാമ്പിൾ ടോപിക്സ് (Sample Topics) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ പഠിതാക്കൾക്ക് മാർഗ്ഗനിർദ്ദേശത്തിന്റെ ഭാഗമായുള്ള മാതൃകാ വിഷയങ്ങൾ മാത്രമാണ്. ഇതിനുപരിയായി പഠിതാക്കൾക്ക് തങ്ങളുടെ പ്രോഗ്രാമിന്റെ പഠന വിഷയവുമായി ബന്ധപ്പെട്ട ഏതു വിഷയവും മേൽനോട്ടം വഹിക്കുന്ന സൂപ്പർവൈസറുടെ അംഗീകാരത്തോടെ തിരഞ്ഞെടുക്കാവുന്നതാണ്.

ഗൈഡ് ലൈൻസിൽ പിരിവ് 7 ൽ ഡിസർട്ടേഷൻ സൂപ്പർവൈസർ എന്ന ശീർഷകത്തിൽ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുള്ള പ്രകാരം ഡിസർട്ടേഷൻ/പ്രോജക്റ്റ് സൂപ്പർവൈസറെ താഴെ പറയുന്ന വിഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കാവുന്നതാണ്:

1. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ മുഴുവൻ സമയ ഫാക്കൽറ്റി അംഗങ്ങൾ.
2. സർക്കാർ അല്ലെങ്കിൽ എയ്ഡഡ് കോളേജുകളിലെ സ്ഥിരം/ കരാർ/ അതിഥി ഫാക്കൽറ്റി അംഗങ്ങൾ.
3. സർക്കാർ/എയ്ഡഡ് കോളേജുകളിലെ അല്ലെങ്കിൽ യൂണിവേഴ്സിറ്റികളിലെ വിരമിച്ച ഫാക്കൽറ്റി അംഗങ്ങൾ.
4. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ലേണർ സപ്പോർട്ട് സെന്ററുകളിൽ പ്രവർത്തിക്കുന്ന Ph.D/NET യോഗ്യതയുള്ള അക്കാദമിക് കൗൺസിലർമാർ.
5. മുകളിൽ സൂചിപ്പിച്ച 1,2,3,4 എന്നീ കാറ്റഗറിയിൽ ഉൾപ്പെടുന്ന സൂപ്പർവൈസർമാരുടെ അഭാവത്തിൽ പ്രസ്തുത വിഷയത്തിൽ/ഡിസിപ്ലിനിലെ Ph.D യോഗ്യതയുള്ളവരെയും സൂപ്പർവൈസറായി തിരഞ്ഞെടുക്കാവുന്നതാണ്.

**അവസാന തീയതി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് :**

സൂചന (iii) പ്രകാരം **2023 ജനുവരി അഡ്മിഷൻ (ഇൻടേക്ക് 2) എം.എ. (ഹിസ്റ്ററി/സോഷ്യോളജി)** നാലാം സെമസ്റ്റർ പി.ജി. പഠിതാക്കളുടെ ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 29/06/2025 എന്ന് അറിയിച്ചിരുന്നു. എന്നാൽ ടി തീയതി നീട്ടിവെയ്ക്കണമെന്നു പഠിതാക്കളിൽ നിന്ന് നിരവധി നിവേദനങ്ങൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ **ടി പഠിതാക്കളുടെ ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 03/09/2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു.**

സൂചന (i) പ്രകാരം 2022 അഡ്മിഷൻ (ഇൻടേക്ക് 1 ) ബി.എ ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ ( ഇംഗ്ലീഷ് / മലയാളം / ഹിന്ദി / അറബിക് / സംസ്കൃതം) ആറാം സെമസ്റ്റർ യു. ജി. പഠിതാക്കളുടെ ഡിസർട്ടേഷൻ/പ്രോജക്ട് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 05/08/2025 ആണ്. ടി തീയതിയ്ക്ക് മാറ്റമില്ല.



**പ്രൊഫ. (ഡോ.) ഗ്രേഷ്യസ് ജെ.**
**പ്രൊ വൈസ് ചാൻസലർ(i/C) &**
**പരീക്ഷാ കൺട്രോളർ**

Copy to:-

1. PS TO VC/PVC
2. PA to Registrar/FO/CC
3. All Directors, Regional Centres
4. All LSC Co-ordinators
5. Academic Director/Academic Co-ordinator
6. Head of Schools
7. Stock file/File

**NO. EX.B3/97/SOU/2025**